**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4027** **27-10-2021 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ മാർക്കറ്റ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ ചെങ്കൽ പഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റ്, നെയ്യാറ്റിൻകര നഗരസഭയിലെ ആറാലുംമൂട് മാർക്കറ്റ് എന്നിവയുടെ നവീകരണവുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ചെങ്കൽ ഗ്രാമപഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട് പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി റീ ബിൽഡിംഗ് കേരള – യിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ട്. എന്നാൽ ആറാലുംമൂട് മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിച്ചുകൊണ്ടുള്ള അറിയിപ്പുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട് ഇതുവരെ പൂർത്തീകരിച്ച നടപടികൾ എതൊക്കെ എന്ന് വിശദമാക്കാമോ; | (ബി) | ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരണ പ്രവൃത്തിയ്ക്ക് ടെക്നിക്കൽ സാംങ്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മേൽ ടെക്നിക്കൽ സാംങ്ഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത മാർക്കറ്റ് നവീകരണത്തിന് ടെണ്ടർ നടപടി പൂർത്തീകരിച്ചോ എന്ന് വിശദമാക്കാമോ? | (സി) | ഉദിയൻകുളങ്ങര മാർക്കറ്റ് നവീകരണ പ്രവൃത്തിയ്ക്ക് ടെക്നിക്കൽ സാംങ്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മേൽ ടെക്നിക്കൽ സാംങ്ഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ